# അഫിലിയേഷൻ നിബന്ധനകൾ

# (വാഫി, വഫിയ്യ ആർട്സ്)

**[16/03/2022 ന് ചേർന്ന അക്കാദമിക് കൗൺസിൽ യോഗം അംഗീകരിച്ചത്]**

## COORDINATION OF ISLAMIC COLLEGES

Executive Member, Islamic Universities League

ISO 9001:2015 Certified

## കോർഡിനേഷൻ ഓഫ് ഇസ്ലാമിക് കോളേജസ് - സി.ഐ.സി

ഉന്നത മത ഭൗതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഇസ്ലാമിക കോളേജുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി 2000 ത്തിൽ നിലവിൽ വന്ന അക്കാദമിക് ബോഡിയാണ് കോർഡിനേഷൻ ഓഫ് ഇസ്ലാമിക് കോളേജസ് (സി.ഐ.സി). ഒരു യൂണിവേഴ്സിറ്റിയുടെ മുഴുവൻ പ്രവർത്തനങ്ങളും ഈ ബോഡി നിർവ്വഹിച്ചുവരുന്നു. വാഫി, വഫിയ്യ കോഴ്സുകൾ സി.ഐ.സിയാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. പാങ്ങ് (മലപ്പുറം) വഫാ കാമ്പസാണ് ഇപ്പോൾ ആസ്ഥാനം.

അന്താരാഷ്ട്ര ഇസ്ലാമിക് യൂണിവേഴ്സിറ്റീസ് ലീഗിൽ സി.ഐ.സി അംഗത്വം നേടിയിട്ടുണ്ട്. നിലവിൽ 65 വാഫി വഫിയ്യ കോളേജുകൾ സി.ഐ.സി യോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

"മത വിദ്യാഭ്യാസത്തിന് തടസ്സമാകാതെ ഭൗതിക വിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസത്തിന് തടസ്സമാകാതെ മത വിദ്യാഭ്യാസവും" എന്ന ശീർഷകം സി.ഐ.സി ഉയർത്തിപ്പിടിക്കുന്നു.

### ലക്ഷ്യവും സമീപനവും

വിദ്യാഭ്യാസം പ്രസരിപ്പിക്കുക; ഇസ്ലാമിക വിജ്ഞാനീയങ്ങൾ വികസിപ്പിക്കുക; പ്രബോധന പ്രവർത്തനങ്ങൾ കാലോചിതമായി നടത്താൻ പ്രാപ്തരായ പണ്ഡിതന്മാരെയും പണ്ഡിതകളെയും വാർത്തെടുക്കുക; വിവിധ മതങ്ങൾക്കും ചിന്തകൾക്കുമിടയിൽ ആദാനപ്രദാനങ്ങൾ സജീവമാക്കുക; രമ്യതയും മൈത്രിയും കെട്ടിപ്പടുക്കുക; മത ഭൗതിക വിദ്യകൾ സമന്വയിച്ച അറിവുകളുടെ ഉദ്ഗ്രഥനം സാധ്യമാക്കുക; നവീന പാഠ്യരീതികൾ ആവിഷ്കരിച്ച് നടപ്പാക്കുക; ധൈഷണിക വൈജ്ഞാനിക രംഗങ്ങളിൽ സ്ത്രീ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരിക; ഇസ്ലാമിക വിദ്യാഭ്യാസ രംഗത്തെ ലോക നിലവാരത്തിലെത്തിക്കുക; സാംസ്കാരിക കാരുണ്യ പാരിസ്ഥിതിക പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് സി.ഐ.സി ലക്ഷ്യമിടുന്നത്.

മുഖ്യധാരാ മുസ്ലിം സമൂഹത്തിന്റെ ചരിത്രത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പട്ടികയിൽ വാഫി, വഫിയ്യ കോഴ്സുകൾ ഗണനീയ സ്ഥാനം അലങ്കരിക്കുന്നു.

### അംഗീകാരങ്ങളും സഹകരണ ധാരണകളും

സി.ഐ.സി യുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വിവിധ അന്താരാഷ്ട്ര ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2018 ൽ ഇൻറർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റീസ് ലീഗിൻറെ 21 അംഗ നിർവാഹക സമിതി അംഗത്വം, WMCC നിർവാഹക സമിതി അംഗത്വം, 2019 ൽ റാബിതതു മുഅസ്സസാതി തഅ്ലീമി ല്ലുഗൽ അറബിയ്യ (ISESCO അറബ് ലീഗ് മൊറോക്കോ) ഡയറക്ടറേറ്റ് അംഗത്വം, 2017 ൽ ISO 9001:2015 അംഗീകാരം, 2009 ലെ ഇസ്ലാം ഓൺലൈൻ അന്താരാഷ്ട്ര വിദ്യാഭ്യാസ പുരസ്കാരം, 2011 ലെ ഇസ്ലാം ഡോട്ട് നെറ്റ് പുരസ്കാരം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

അന്താരാഷ്ട്ര ഇസ്ലാമിക് യൂണിവേഴ്സിറ്റീസ് ലീഗ്, അൽ അസ്ഹർ യൂണിവേഴ്സിറ്റി, ഈജിപ്ത്, കൈറോ യൂണിവേഴ്സിറ്റി (ദാറുൽ ഉലൂം), ALECSO (അറബ് ലീഗ്), മജ്മഉല്ലുഗൽ അറബിയ്യ, മത കാര്യ മന്ത്രാലയം-ഈജിപ്ത്, അലിഗഡ് മുസ്ലിം യൂനിവേഴ്സിറ്റി, ഹംദർദ് യൂണിവേഴ്സിറ്റി, ന്യൂ ഡൽഹി, NCPUL (Govt. of India) തുടങ്ങിയ നിരവധി ദേശീയ, അന്തർദേശീയ വിദ്യാഭ്യാസ സംവിധാനങ്ങളോട് സി.ഐ.സി സഹകരണ ധാരണ ഒപ്പ് വെച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യങ്ങളും ഗ്രേഡിങ്ങും**

ഇൻസ്പെക്ഷനിലൂടെ സ്ഥാപനങ്ങൾക്ക് ഗ്രേഡും സ്റ്റാറും നൽകുന്ന ക്വാളിറ്റി അസസ്മെന്റ് രീതി സി.ഐ.സി പിന്തുടരുന്നു. മികവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ A, *, **, *** എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

**സ്കിൽ ഡവലപ്മെന്റ്**

വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, മാനേജ്മെന്റിനും രക്ഷിതാക്കൾക്കും ആവശ്യമായ സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ സി.ഐ.സി നടത്തി വരുന്നു. വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ആപ്റ്റിറ്റ്യൂഡുകൾ തിരിച്ചറിഞ്ഞു അവക്ക് പരിപോഷണം നൽകുന്നു.
കൂടാതെ പഠന കാലയളവിൽ കേന്ദ്ര സർക്കാറിന്റെ NCPUL ദ്വിവർഷ ഫങ്ഷണൽ അറബിക് കോഴ്സും ഏക വർഷ ഫങ്ഷണൽ ഉറുദു കോഴ്സും നേടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു.

**വാഫി, വഫിയ്യ ആർട്സ് കോഴ്സുകൾ**

ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം ഇസ്‌ലാമിക ജ്ഞാനങ്ങളും സമന്വയിച്ച് കാലോചിതമായി രൂപകൽപന ചെയ്ത ശ്രേഷ്ഠ വിദ്യാഭ്യാസ കോഴ്സുകളാണ് ആൺകുട്ടികൾക്കുള്ള വാഫി ആർട്സും പെൺകുട്ടികൾക്കുള്ള വഫിയ്യ ആർട്സും.

**കാലയളവ്**

പ്രിപ്രേറ്ററി 2 വർഷം, ഡിഗ്രി 3 വർഷം എന്നിങ്ങനെയാണ് കോഴ്സ് ഘടന.
ഡിഗ്രി വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് മാനദണ്ഡപ്രകാരം ഡിഗ്രി ഹോണേഴ്സിനും രണ്ട് വർഷ പി.ജി പഠനത്തിനും സൗകര്യമുണ്ടാകും.

**പ്രവൃത്തി ദിനങ്ങൾ**

ഒരു ദിവസം 45 മിനിറ്റ് വീതമുള്ള ഏഴ് പിരിയഡുകൾ. ആഴ്ചയിൽ 6 പ്രവൃത്തി ദിവസങ്ങൾ, വർഷത്തിൽ 240 പ്രവൃത്തി ദിവസങ്ങൾ.

**പ്രവേശന യോഗ്യത**

സ്കൂൾ പത്താം തരം ഉപരിപഠന യോഗ്യതയും മദ്രസ ഏഴാം തരം/തത്തുല്യം, 17 വയസ്സ് കവിയരുത്.
സ്കൂൾ പ്ലസ് ടു വും മദ്രസ പത്താം തരം/തത്തുല്യ യോഗ്യതയുള്ളവർക്ക് പ്രത്യേക പ്രവേശനപ്പരീക്ഷ വഴി ഡിഗ്രിയിലേക്ക് നേരിട്ട് പ്രവേശനം നൽകുന്നു.

**അഫിലിയേഷൻ ലഭിക്കാനുള്ള പ്രധാന മാനദണ്ഡങ്ങൾ**

1. കോർഡിനേഷൻ ഓഫ് ഇസ്‌ലാമിക് കോളേജസ് (Reg. No. 379/2004) ഭരണഘടന അംഗീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ അഫിലിയേഷന് അർഹതയുള്ളൂ. വിശ്വാസ കാര്യങ്ങളിൽ ഇപ്പോൾ കോഴിക്കോട് ഫ്രാൻസിസ് റോഡിലെ ഓഫീസ് ആസ്ഥാനമായി കോഴിക്കോട് രജിസ്ട്രാഫീസിൽ 1/1934-35 നമ്പറായി രജിസ്റ്റർ ചെയ്യപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അംഗീകരിച്ചു വരുന്ന സുന്നീ വിശ്വാസ-ആചാര രീതികൾ പിന്തുടരുകയും ശാഫിഈ, ഹനഫീ, ഹമ്പലീ, മാലികീ എന്നീ നാലിൽ ഒരു കർമ്മശാസ്ത്ര മദ്ഹബ് അംഗീകരിക്കുകയും ചെയ്യുക.

2. സ്ഥാപനത്തിന് കെട്ടുറപ്പുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഭരണ സമിതി ഉണ്ടായിരിക്കേണ്ടതാണ്.
3. ഭരണ സമിതി വാഫി, വഫിയ്യ ആർട്സ് കോഴ്സുകൾ തിരഞ്ഞെടുക്കുന്നത് അവയുടെ മികവും വ്യതിരിക്തതകളും വ്യക്തമായി തിരിച്ചറിഞ്ഞായിരിക്കേണ്ടതാണ്.
4. കോഴ്സ് കാലാവധി തീർത്തും സ്ഥാപനം പ്രവർത്തിപ്പിക്കേണ്ടതും ഇടക്കാലത്ത് നിറുത്തിവെക്കാൻ പാടില്ലാത്തതുമാണ് (ഇക്കാര്യത്തിൽ പ്രത്യേകം കരാർ ഒപ്പിടേണ്ടതാണ്).
5. സ്ഥാപനം ശാന്തമായി വേറിട്ടു നിന്ന് പ്രവർത്തിക്കുന്നതായിരിക്കണം.
6. സ്ഥാപനം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധാകേന്ദ്രവും അഭിമാനവുമായിരിക്കേണ്ടതാണ്.
7. സ്ഥാപനം അടിസ്ഥാന അക്കാദമിക സൗകര്യങ്ങളിൽ ഗുണമേന്മ പുലർത്തുന്നതായിരിക്കാൻ എപ്പോഴും ഭരണ സമിതി ശ്രദ്ധിക്കേണ്ടതും ഭൗതിക മത സമന്വയ വിദ്യാഭ്യാസത്തെ മോഹനമാക്കാൻ ശ്രമിക്കേണ്ടതുമാണ്.
8. അഫിലിയേഷൻ സമയത്ത് ആവശ്യമായ ടീച്ചിങ്, നോൺടീച്ചിങ് സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്തി സി.ഐ.സി യെ ബോധ്യപ്പെടുത്തേണ്ടതാണ്.
9. പ്ലസ് ടു (Preparatory), ഡിഗ്രി എന്നീ രണ്ട് ഘട്ടങ്ങൾ സൗകര്യങ്ങൾക്ക് പൂർത്തിയാക്കുന്നതിനനുസരിച്ച് വെവ്വേറെ അഫിലിയേഷനാണ് നൽകുക.
10. വിദ്യാർത്ഥികളുടെ അഡ്മിഷൻ, പരീക്ഷ തുടങ്ങിയവയിൽ സി.ഐ.സി നിഷ്കർഷിക്കുന്ന നിബന്ധനകളും മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കേണ്ടതാണ്.
11. കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ വാഫി സ്റ്റുഡന്റ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടത്തേണ്ടതാണ്.
12. അഫിലിയേഷൻ ഇൻസ്പെക്ഷൻ ചാർജ് 3000 രൂപയും യാത്രാ ചെലവും, അഫിലിയേഷൻ ഫീ 25000 രൂപ.
13. അഫിലിയേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ മാസന്തോറും സി.ഐ.സി നിശ്ചയിക്കുന്ന മാസ സംഭാവന അടക്കേണ്ടതാണ് (നിലവിൽ 4000 രൂപ വീതം).
14. സി.ഐ.സി യുടെ നയങ്ങളും കരിക്കുലത്തിന്റെ കൃത്യമായ നടത്തിപ്പും ഉറപ്പ് വരുത്താനായി വാഫി ആർട്സിൽ ഒരു വാഫിയും വഫിയ്യ ആർട്സിൽ ഒരു വഫിയ്യയും നിർബന്ധമാണ്.
15. പൂർണ്ണമായോ ഭാഗികമായോ കാമ്പസിനകത്തോ പുറത്തോ റസിഡൻഷ്യൽ രീതിയിലുള്ള വാഫി, വഫിയ്യ ആർട്സ് കോളേജുകൾ യഥാക്രമം വാഫി, വഫിയ്യ റസിഡൻഷ്യൽ കോളേജുകൾക്ക് ബാധകമായ ഹോസ്റ്റൽ, കിച്ചൺ അനുബന്ധ സൗകര്യങ്ങൾ ആവശ്യാനുസൃതം സജ്ജീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ കാമ്പസിനു പുറത്തുള്ള താമസം ഈ നിബന്ധനകൾക്കനുസരിച്ച് സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിലായിരിക്കേണ്ടതാണ്.

**അടിസ്ഥാന സൗകര്യങ്ങൾ (ഡേ സ്ഥാപനങ്ങൾക്ക്):**

| **Building Area** (Minimum) **for Affiliation** | | | | |
|---|---|---|---|---|
| Sl. No. | **PARTICULARS** | **Thamheediyya (Prepratory)** | **Aliya (Degree)** | **Thamheediyya + Aliya** |
| 1 | Classrooms | 800 | 1200 | 2000 |
| 4 | Library | 400 | 400 | 400 |
| 5 | Auditorium | എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സൗകര്യം | എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സൗകര്യം | എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സൗകര്യം |
| 7 | Office | 300 | 300 | 300 |
| 8 | Principal Cabin | 100 | 100 | 100 |
| 9 | Staff room | 200 | 200 | 300 |
| 10 | Computer | ക്ലാസ്സ് റൂമിലും ഓഫീസിലും ലൈബ്രറിയിലും ഓരോന്ന് വീതം | ക്ലാസ്സ് റൂമിലും ഓഫീസിലും ലൈബ്രറിയിലും ഓരോന്ന് വീതം | ക്ലാസ്സ് റൂമിലും ഓഫീസിലും ലൈബ്രറിയിലും ഓരോന്ന് വീതം |
| 12 | Dining Fecility | മതിയായത് | മതിയായത് | മതിയായത് |
| 13 | Bathroom and Toilet | 20:1 എന്ന അനുപാതത്തിൽ | 20:1 എന്ന അനുപാതത്തിൽ | 20:1 എന്ന അനുപാതത്തിൽ |
| 14 | Rest Room | 100 | 100 | 100 |
| 15 | Union Office | 100 | 100 | 100 |
| 16 | Prayer Hall | ഒന്നിച്ച് നിസകരിക്കാൻ മതിയായ സൗകര്യം. | ഒന്നിച്ച് നിസകരിക്കാൻ മതിയായ സൗകര്യം. | ഒന്നിച്ച് നിസകരിക്കാൻ മതിയായ സൗകര്യം. |

* അളവുകൾ സ്ക്വയർ ഫീറ്റിൽ.

* ഡിവിഷൻ കൂടുന്നതിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളിൽ ആനുപാതിക വൽധനവ് ബാധകമാവുന്നതാണ്.

**അടിസ്ഥാന സൗകര്യങ്ങൾ**

A) ക്ലാസ് റൂം

1. ഓരോ ക്ലാസ് റൂമും 20x20 വിസ്തൃതിയിൽ (ഒരു ക്ലാസ്സ് റൂമിൽ ഒരു വിദ്യാർത്ഥിക്ക് മിനിമം 10 സ്ക്വയർ ഫീറ്റ് സൗകര്യം) ക്രമീകരിക്കേണ്ടതാണ്.
2. രണ്ടു ക്ലാസുകൾക്കിടയിൽ സ്ക്രീനുകളോ മറ്റു താൽക്കാലിക ഡിവൈഡറുകളോ മതിയാകുന്നതല്ല.
3. ക്ലാസ് റൂമുകളിൽ മതിയായ ലൈറ്റ്, ശീതീകരണ സംവിധാനം (മിനിമം 2 റ്റ്യൂബ്, 2 ഫാൻ).
4. 40 കുട്ടികൾക്ക് ഒരു ഡിവിഷൻ, 4 വിദ്യാർത്ഥികൾക്ക് ഒരു ബെഞ്ച്, ഒരു ഡെസ്ക്.
5. ബോർഡ്, പുസ്തകം വെക്കാനാവശ്യമായ ഷെൽഫുകൾ, അധ്യാപകർക്ക് മേശ/ പീഠം.

6. പ്ലസ് ടു ഘട്ടത്തിലെ രണ്ട് ക്ലാസ് റൂമുകളും സ്മാർട്ട് ആയിരിക്കേണ്ടതാണ്.

B) ലൈബ്രറി

താഴെ പറയുന്ന സൗകര്യങ്ങളുള്ള ലൈബ്രറി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്:

1. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ പ്രവർത്തിക്കുന്നതാകണം.
2. ഓരോ വർഷവും പുസ്തകങ്ങളിൽ 20 ശതമാനം വർദ്ധനവ് വരുത്തുക. (E-books മതിയാകുന്നതാണ്.)

**പ്ലസ് ടു (Preparatory)**

1. മാതൃഭാഷാ പുസ്തകങ്ങൾ – 500
2. അറബി ബാലസാഹിത്യ കൃതികൾ – 200
3. ഇംഗ്ലീഷ് ബാലസാഹിത്യ കൃതികൾ – 200
4. ഉർദു ബാലസാഹിത്യ കൃതികൾ – ആവശ്യത്തിന്
5. സിലബസ് സ്റ്റഡിമെറ്റീരിയൽസും (വാഫി, +2) അതുമായി ബന്ധപ്പെട്ട റഫറൻസുകളും.
6. ദിനപത്രങ്ങൾ: മലയാളം 2, ഇംഗ്ലീഷ് 1.
7. ആനുകാലികങ്ങൾ: മലയാളം 5 (മതപരം 2, പൊതുവായത് 3), ഇംഗ്ലീഷ് 1, അറബി 1
8. നിഘണ്ടുകൾ : അറബി-മലയാളം, അറബി-ഇംഗ്ലീഷ്, അറബി-അറബി, ഇംഗ്ലീഷ്-മലയാളം, ഇംഗ്ലീഷ്-അറബി, ഇംഗ്ലീഷ്-ഇംഗ്ലീഷ്, മലയാളം-അറബി, മലയാളം-ഇംഗ്ലീഷ്, മലയാളം-മലയാളം, ഉർദു-മലയാളം, ഉർദു-ഇംഗ്ലീഷ്.
9. പുസ്തകങ്ങൾ ഭംഗിയായി അടുക്കിവെക്കാനാവശ്യമായ ഷെൽഫ്.
10. പിരിയോഡിക്കൽസ് ഡിസ്പ്ലേ സ്റ്റാന്റ്, സർക്കുലേഷൻ ടേബ്ൾ.
11. കാറ്റലോഗ്, രജിസ്റ്ററിംഗ് സംവിധാനം.

**ഡിഗ്രി (Degree)**

1. മാതൃഭാഷാ ഗ്രന്ഥങ്ങൾ – 1000
2. അറബി ഗ്രന്ഥങ്ങൾ – 500
3. ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ – 500
4. ഉർദു ഗ്രന്ഥങ്ങൾ – മതിയായത്
5. സിലബസ് സ്റ്റഡിമെറ്റീരിയൽസും (ഡിഗ്രി, വാഫി/വഫിയ്യ) അതുമായി ബന്ധപ്പെട്ട റഫറൻസുകളും.
6. ആനുകാലികങ്ങൾ: മലയാളം 5 (മതപരം 2, പൊതുവായത് 3), ഇംഗ്ലീഷ് 2, അറബി 2
7. നിഘണ്ടുകൾ: അറബി-മലയാളം, അറബി-ഇംഗ്ലീഷ്, അറബി-അറബി, ഇംഗ്ലീഷ്-മലയാളം, ഇംഗ്ലീഷ്-അറബി, ഇംഗ്ലീഷ്-ഇംഗ്ലീഷ്, മലയാളം-അറബി, മലയാളം-ഇംഗ്ലീഷ്, മലയാളം-മലയാളം, ഉർദു-മലയാളം, ഉർദു-ഇംഗ്ലീഷ്
8. ദിനപത്രങ്ങൾ: മലയാളം 2, ഇംഗ്ലീഷ് 1.

9. ജേണലുകൾ:  ഇംഗ്ലീഷ്, അറബി, മലയാളം.
10. പുസ്തകങ്ങൾ ഭംഗിയായി അടുക്കിവെക്കാനാവശ്യമായ ഷെൽഫ്.
11. പിരിയോഡിക്കൽസ് ഡിസ്പ്ലേ സ്റ്റാന്റ്, സർക്കുലേഷൻ ടേബ്ൾ.
12. കാറ്റലോഗ്, രജിസ്റ്ററിംഗ് സംവിധാനം.

C) ഓഫീസ്

1. ആവശ്യമായ ഫർണിച്ചറുകൾ: മേശ, ഷെൽഫ്, കസേരകൾ, സന്ദർശർക്ക് ഇരിപ്പിട സൗകര്യം.
2. ഉപകരണങ്ങൾ:  കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ, etc.
3. ഫയലുകൾ: സി.ഐ.സി ഫയൽ, കോളജ് ഫയൽ, ഇൻവാഡ്, ഔട്ട്വാർഡ്, etc.
4. രജിസ്റ്ററുകൾ : സ്റ്റുഡന്റ്സ് അഡ്മിഷൻ, ടീച്ചേഴ്സ് അഡ്മിഷൻ, ടീച്ചേഴ്സ് അറ്റന്റൻസ് രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, മെഡിക്കൽ റജിസ്റ്റർ, കോളേജ് മൂവ്മെന്റ് രജിസ്റ്റർ, ലീവ് രജിസ്റ്റർ, അസംബ്ലി ഡയറി, സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ, മെമ്മോ ബുക്ക്, etc. (CIC നൽകുന്നവ).
5. സീൽ, ലെറ്റർ പാഡ്, നോട്ടീസ് ബോർഡ്, ഇന്റർനെറ്റ് കണക്ഷൻ.

D) പ്രിൻസിപ്പാൾ ഓഫീസ്

1. മേശ, കസേര, ഷെൽഫ്, സന്ദർശകർക്ക് ഇരിപ്പിട സൗകര്യം.

E) സ്റ്റാഫ് റൂം

1. സ്ത്രീ പുരുഷ അധ്യാപകർക്ക് വെവ്വേറെ സ്റ്റാഫ് റൂമുകൾ ഉണ്ടായിരിക്കേണ്ടതാണ്.
2. സ്റ്റാഫ് റൂമിൽ അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് മേശ, കസേര, ഷെൽഫ്.
3. സ്റ്റാഫ് റൂം പരിസരത്ത് അധ്യാപകർക്കായി ടോയ്ലറ്റ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

F) ഓഡിറ്റോറിയം

1. എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സ്ഥല സൗകര്യം (സ്വന്തമായതോ കാമ്പസ് പരിസരത്തോ ഉള്ള ആവശ്യത്തിന് ലഭ്യമാകുന്ന പള്ളി/ഹാൾ മതിയാകുന്നതാണ്).
2. ആവശ്യമായ സൗണ്ട് സിസ്റ്റം.
3. സ്റ്റേജ്.
4. വീഡിയോ ഡിസ്പ്ലേ സൗകര്യം.

G) മറ്റു അടിസ്ഥാന സൗകര്യങ്ങൾ

1. ഇ ലൈവ് സൗകര്യത്തോടെയുള്ള സ്മാർട് ക്ലാസ്റൂം
2. കാമ്പസിന് ചുറ്റുമതിൽ (വഫിയ്യക്ക്).
3. ക്ലാസ്സ്റൂം, ലൈബ്രറി, സ്റ്റാഫ് റൂം, ഓഡിറ്റോറിയം, ഹോസ്റ്റൽ തുടങ്ങിയവയുടെ നിലം ചുരുങ്ങിയത് ടൈൽ ആയിരിക്കണം.

H) ഹോസ്റ്റൽ (സൗകര്യം ഏർപ്പെടുത്തുന്നവർ).

1. ഒരു കുട്ടിക്ക് മിനിമം 40 സ്ക്വയർ ഫീറ്റിൽ കുറയാത്ത സിംഗിൾ കട്ടിലോടുകൂടിയ പൂട്ടാൻ പറ്റുന്ന ഹോസ്റ്റൽ.
2. ഡ്രസ്സ് വെക്കാനാവശ്യമായ ബോക്സ്.
3. ആവശ്യത്തിന് അയേൺ ബോക്സ്, ടേബ്ൾ.
4. ബാത്ത്റൂമും ടോയിലറ്റും വവ്വേറെയാണെങ്കിൽ 8 വിദ്യാർത്ഥികൾക്ക് 1 വീതം, ഒന്നിച്ചാണെങ്കിൽ 5 പേർക്ക് 1 വീതം.
5. ഹോസ്റ്റലിനോട് ചേർന്ന് എമർജൻസി ടോയ്ലറ്റ്.
6. അധ്യാപകർക്ക് സൗകര്യപ്രദമായ (കട്ടിൽ, ബെഡ്, മേശ, വസ്ത്രം ഉക്കാനും സൂക്ഷിക്കാനും സൗകര്യം എന്നിവയുള്ള 70 സ്ക്വയർ ഫീറ്റിൽ കുറയാതെ കേബിനായി തിരിച്ച) ഹോസ്റ്റൽ.
7. ഗസ്റ്റ് റൂം.
8. ഒരു വിദ്യാർത്ഥിക്ക് 10 സ്ക്വയർ ഫീറ്റ് സൗകര്യമുള്ള ഡൈനിംഗ് ഹാൾ, സുസജ്ജമായ കിച്ചണും സ്റ്റോർ റൂമും.

<u>വഫിയ്യക്ക് മാത്രം ബാധകമായവ</u>

1. ഫ്രന്റ് ഓഫീസ് / റിസപ്ഷൻ (വിദ്യാർത്ഥിനികളെ വന്നു കാണാൻ അനുവദിക്കപ്പെടുന്നവർ മറ്റു വിദ്യാത്ഥിനികളെ കാണാൻ ഇടവരാത്ത വിധം വേറിട്ട സ്വീകരണ സൗകര്യം).
2. പുരുഷാധ്യാപകർ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി:
    - ഫീമെയിൽ ഫാക്കൽറ്റി ലഭ്യമല്ലാത്ത വിദഗ്ധ വിഷയങ്ങളിൽ അനിവാര്യമായ ഘട്ടങ്ങളിൽ.
    - മെന്ററിംഗ്, കൗൺസിലിംഗ് തുടങ്ങിയ ചുമതലകൾ നൽകരുത്.
    - സ്ഥാപനത്തിലുള്ള ടീച്ചേഴ്സിന്റെ പകുതിയിൽ താഴെ മാത്രം.
    - 5 വർഷത്തിൽ കുറയാത്ത ടീച്ചിങ് എക്സ്പീരിയൻസുണ്ടാവണം.
    - സ്ഥാപന കാര്യങ്ങളിൽ പതിവായി ഇടപെടുന്ന മാനേജ്മെന്റിന് നേരിട്ട് മൂന്ന് വർഷത്തെ പരിചയം വേണം, അവർ ഐക്യകണ്ഠേന നിയമനം അംഗീകരിക്കണം.
    - വിവാഹിതനായിരിക്കണം
3. ആവശ്യമുള്ള അധ്യാപികമാർക്ക് ഫാമിലി താമസ സൗകര്യം നിർബന്ധമായും നൽകേണ്ടതാണ്.
4. ഒന്നിച്ച് നിസ്കരിക്കാനുള്ള സൗകര്യം.
5. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കാമ്പസിന് പുറത്ത് പക്വതയുള്ള പാറാവുകാരൻ (റെസിഡെൻഷ്യൽ സ്ഥാപനങ്ങൾക്ക് മാത്രം).

6. ഇസ്ലാമിക ശിക്ഷണത്തിനും അന്തരീക്ഷ സൃഷ്ടിക്കും ഭംഗം വരുത്തുന്ന വിധത്തിൽ ക്ലാസിലും ഹോസ്റ്റലിലും മറ്റും അന്യ സ്ത്രീകളുടെയോ വിദ്യാർത്ഥിനികളുടെയോ ഇടപഴകൽ ഇല്ലാതിരിക്കുക.
7. ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ.

**അധ്യാപകർ**

താഴെ പറയും പ്രകാരം യോഗ്യരായ അധ്യാപകർ:

പ്ലസ് ടു:

1. പ്ലസ് ടു സ്ഥാപനത്തിൽ നിർബന്ധമായും പി.ജി യോഗ്യതയുള്ള ഫുൾ ടൈം അധ്യാപകർ ഉൾപ്പെടെ മതിയായ അധ്യാപകർ ഉണ്ടായിരിക്കേണ്ടതാണ്.
2. മെന്റർമാർക്കും പ്രിൻസിപ്പാളിനും ആവശ്യാനുസരണം പിരീഡുകൾ കുറച്ചുകൊടുക്കേണ്ടതാണ്.
3. ഒരധ്യാപകന് ഒരു ദിവസം പരമാവധി 5 പിരീഡ് ഒരാഴ്ചയിൽ 30 പിരീഡ് .
4. പ്രിൻസിപ്പാളിന്/തലവന് ഭൗതിക വിഷയത്തിൽ പി.ജി നിർബന്ധം.

ഡിഗ്രി:

1. ഡിഗ്രി ഘട്ടത്തിൽ നിർബന്ധമായും പി.ജി യോഗ്യതയുള്ള ഫുൾടൈം അധ്യാപകർ ഉൾപെടെ മുഴുവൻ പീരിഡുകളും കൈാര്യം ചെയ്യുൻ ആവശ്യമായ മതിയായ അധ്യാപകർ ഉണ്ടായിരിക്കേണ്ടതാണ്.
2. മെന്റർമാർക്കും പ്രിൻസിപ്പാളിനും ആവശ്യത്തിന് പിരീഡുകൾ കുറച്ചുകൊടുക്കേണ്ടതാണ്.
3. ഒരധ്യാപകന് ഒരു ദിവസം പരമാവധി 5 പിരീഡ്, ഒരാഴ്ചയിൽ 30 പിരീഡ്.
4. പ്രിൻസിപ്പാളിന്/തലവന് ഭൗതിക വിഷയത്തിൽ പി.ജി നിർബന്ധം.

**തസ്തികകളും ശമ്പളവും:**

| തസ്തിക | യോഗ്യത | ശമ്പളം |
|---|---|---|
| ലക്ചറർ | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക് | 15,000 |
| അസിസ്റ്റന്റ് പ്രൊഫസർ | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക്<br>• NET / PhD / 5 വർഷത്തെ അധ്യാപന പരിചയം | 16,000 |
| അസോസിയേറ്റ് പ്രൊഫസർ | • 10 വർഷത്തെ പരിചയം / 5 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷഡ് വർക്കുകൾ | 18,000 |
| പ്രൊഫസർ | • 20 വർഷത്തെ പരിചയം / 15 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷ്ഡ് വർക്കുകൾ | 24,000 |
| പ്രിൻസിപ്പാൾ | • 10 വർഷത്തെ പരിചയം / 5 വർഷത്തെ പരിചയവും PhD യും<br>• 2 പബ്ലിഷ്ഡ് വർക്കുകൾ | 18000 + |

1. ഭൗതിക വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഭൗതിക പി.ജി യും മത വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് മത വിഷയങ്ങളിൽ പി.ജി / മത ഭൗതിക സമന്വയ ബിരുദം ഉണ്ടായിരിക്കേണ്ടതാണ്.
2. പഠിപ്പിക്കുന്ന വിഷയത്തിൽ പി.ജി. ശമ്പളകാര്യത്തിൽ മതഭൗതിക ബിരുദമുള്ളവരെ ബിരുദാനന്തര ബിരുദമുള്ളവരായി പരിഗണിക്കുന്നതാണ്.
3. സി.ഐ.സി നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ച് ശമ്പളത്തിൽ ഇന്ക്രിമെന്റ് വരുത്തേണ്ടതാണ്.

**യൂണിഫോം**

ആൺകുട്ടികൾക്ക്:

- പാന്റ്സ്, ഷർട്ട്
  പരമ്പരാഗത പണ്ഡിത വേഷങ്ങൾ താൽപര്യപെടുന്നവർക്ക് ഇളവായി അനുവദികേണ്ടതാണ്.

പെൺകുട്ടികൾക്ക്:

- പർദ്ദ, മഫ്ത
  Or
- Loose fitted full sleave gown, മഫ്ത
  Or
- ചുരിദാർ (സൈഡ് ഓപ്പൺ അല്ലാത്തത്) / ടോപ്പ് (സൈഡ് ഓപ്പൺ അല്ലാത്തത്) / സൽവാർ കമ്മീസ്, മഫ്ത

യൂണിഫോം നിശ്ചയിക്കുമ്പോൾ ഇസ്‌ലാമികവും മാന്യവുമാണെന്ന് പ്രത്യേകം ഉറപ്പ് വരുത്തേണ്ടതും സി.ഐ.സി തല ധാരണ പ്രാകരമായിരിക്കേണ്ടതുമാണ്.

**ഫീസ്**

1. 80% വിദ്യാർത്ഥികളിൽ നിന്ന് സി.ഐ.സി നിശ്ചയിക്കുന്ന കോഴ്സ് ഫീ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്.
2. അതത് സമയങ്ങളിൽ സി.ഐ.സി നിശ്ചയിക്കുന്ന സംഖ്യ ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികൾ സി.ഐ.സി വിദ്യാർത്ഥി യൂണിയൻ ഫണ്ടിലേക്കും സി.ഐ.സി എസ്റ്റാബ്ലിഷ്മെന്റ് ഫണ്ടിലേക്കും നൽകേണ്ടതാണ്.

**അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടവ**

1. കാമ്പസ് സൈറ്റ് മാപ്പ് സ്ഥാപനം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ അളവ്.
2. ബിൽഡിംഗിന്റെ ഡ്രോയിങ്ങും അളവുകളും.
3. ഉദ്ദിഷ്ട കെട്ടിടങ്ങളുടെ എല്ലാഭാഗവും കാണാവുന്ന വീഡിയോ & ഫോട്ടോ
4. അടിസ്ഥാന സൗകര്യങ്ങളിൽ ഉള്ളവയും ഇല്ലാത്തവയും സ്ഥാപനം സ്വയം അടയാളപ്പെടുത്തിയ ചെക്ക് ലിസ്റ്റ്.